## ഇസ്രയേൽ ആത്മവഞ്ചനകളുടെ പുരാവൃത്തം

### സൂസൻ നഥാൻ



**ഇസ്രയേലിനകത്തെ** മനുഷ്യ ജീവിതങ്ങൾ നേരിടുന്ന ഭരണകൂടഭീകരതയുടെ കഥകൾ, ഇസ്രയേലിലെ അറബ് നഗരങ്ങളുടെ വൃത്തിഹീനവും വികാസശൂന്യവുമായ മുരടിപ്പുകൾ, ഫലസ്തീൻ ജനതക്കുനേരെ ഇസ്രയേൽ നടത്തിയ പൈശാചികമായ ഉന്മൂലന ആക്രമണങ്ങൾ.... വായിച്ചറിഞ്ഞിട്ടില്ലാത്ത ആധുനിക ഇസ്രയേലിന്റെ ആഭ്യന്തര യാഥാർഥ്യങ്ങളിലേക്ക് വാതിൽ തുറക്കുന്ന പുസ്തകമാണ് സൂസൻ നഥാന്റെ 'ഇസ്രയേൽ ആത്മവഞ്ചനകളുടെ പുരാവൃത്തം.' പുറത്തുകാണുന്നതുപോലെ അകത്തും ഭീകരതയെ താലോലിക്കുന്നുണ്ട് ഇസ്രയേൽ. സ്വന്തം പൗരന്മാരോടുതന്നെ മനുഷ്യത്വ വിരുദ്ധമായ സമീപനമാണ് ഇസ്രയേലിന്റേത്.

ജൂത രാഷ്ട്രത്തിനകത്തെ പൊള്ളുന്ന അത്തരം ഏടുകളാണ് ഈ കൃതിയിൽ ഇതൾവിരിയുന്നത്. ആത്മകഥയും യാത്രാവിവരണവും മേളിക്കുന്ന കാൽപനികത നിറഞ്ഞവിവരണം കൃതിയെ ആകർഷകമാക്കുന്നു. ഗ്രന്ഥകാരി സൂസൻനഥാൻ പ്രഗത്ഭയായ പത്രപ്രവർത്തകയാണെങ്കിലും ഒരു നോവലിസ്റ്റിന്റെ രചനാ ശൈലിയാണ് കൃതിയെ ആകർഷകമാക്കുന്നത്. നേർക്കുനേർ കണ്ട ഹൃദയം പിളർക്കുന്ന കാഴ്ചകളാണ് സൂസന്റെ തൂലിക പകർത്തിയിരിക്കുന്നത്. ഫലസ്തീനെക്കുറിച്ച് സാമാന്യം മനസ്സിലാക്കിയിട്ടുള്ളവർക്കുപോലും ഇസ്രയേലിനകത്തെ അറബ് ജീവിതം അറിയില്ല. അതുകൊണ്ടുതന്നെ ഈ കൃതി ഇസ്രയേൽ ഭീകരതയുടെ അറിയപ്പെടാത്ത മുഖമാണ് അനാവരണം ചെയ്യുന്നത്.

ഡോ. അബ്ദുല്ല മണിമയുടെ മനോഹരമായ വിവർത്തനം. പണ്ഡിതനും എഴുത്തുകാരനുമായ നൈനാൻ കോശിയുടെ അവതാരിക. പേജ് 259, വില 275. പ്രസാധനം.

## ഗാന്ധിവധം ഒരു പുനർവായന

### ദലിത് ബന്ധു എൻ.കെ ജോസ്



**ഇന്ത്യാ** ചരിത്രത്തിലെ കറുത്ത അധ്യായമാണ് ഗാന്ധിവധം. 1948 ജനുവരി 30-ന് നാഥുറാം ഗോഡ്സെ എന്ന ഹിന്ദുത്വ വാദിയാണത് ചെയ്തത്. ഗോഡ്സെയുടെ വെടിയുണ്ടകളാണ് ഗാന്ധിയുടെ ജീവനെടുത്തത്. എന്നാൽ യഥാർഥ ഗാന്ധിഘാതകൻ ആരാണ്? ആർക്കുവേണ്ടി, എന്തിനുവേണ്ടിയായിരുന്നു ഗോഡ്സെ അതു ചെയ്തത്? ഹിന്ദുമതത്തിന്റെ രക്ഷക്കുവേണ്ടിയായിരുന്നോ വധം? ഗാന്ധിയെക്കാൾ വലിയ ഹിന്ദു സംരക്ഷകനുണ്ടോ? സർദാർ വല്ലഭായ് പട്ടേലിനെ പ്രധാനമന്ത്രിയാക്കാതിരുന്നതിലായിരുന്നോ വധം? ഗാന്ധി മരിക്കുന്നതിന് അഞ്ച് മിനിറ്റു മുമ്പ് പട്ടേൽ രാജിക്കത്തെഴുതിയിരുന്നോ? നെഹ്റു ഗോഡ്സെയെ ഭ്രാന്തൻ എന്നു വിളിച്ചതിന്റെ കാരണം എന്ത്? ഗാന്ധിവധത്തിന്റെ അറിയപ്പെടാത്ത ഏടുകൾ പരിശോധിക്കുന്നു ദലിത് ബന്ധു എൻ.കെ ജോസിന്റെ 'ഗാന്ധിവധം ഒരു പുനർവായന' എന്ന ചെറുതെങ്കിലും പ്രൗഢമായ കൃതി. പന്ത്രണ്ട് അധ്യായങ്ങൾ. ദലിത് പക്ഷ രചനകളുടെ രൂക്ഷത വരികളിലുടനീളം അനുഭവപ്പെടുന്നുണ്ടെങ്കിലും ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന ഒട്ടേറെ അപ്രിയ സത്യങ്ങളെക്കുറിച്ച ചിന്തക്ക് പുസ്തകം വഴിതുറക്കുന്നു. പേജ് 120, വില 60, പ്രസാധനം ഹോബി പബ്ലിഷേഴ്സ്, അംബികാമാർക്കറ്റ്, വൈക്കം - 686 144

## സംസമീയം

### ഉണ്ണി നാണുനായർ



പഴയ സംസ്കൃതവൃത്തങ്ങളിൽ ഭാരതീയമോ ഹൈന്ദവമോ അല്ലാത്ത ഒരു പ്രമേയം മുൻനിർത്തി കവിതയെഴുതുക എന്നത് നമ്മുടെ സാഹിത്യ ലോകത്ത് പരിചിതമല്ലാത്ത ഒരു കാര്യമാണ്. സംസമീയം എന്ന മനോഹരമായ ഖണ്ഡകാവ്യം അതുകൊണ്ടുതന്നെ വ്യത്യസ്തത പുലർത്തുന്നതും ആകർഷകവുമാണ്.

ഇബ്റാഹീം കുടുംബത്തിന്റെ ത്യാഗോജ്വലമായ ജീവിതവുമായാണ് സംസം ബന്ധപ്പെട്ടിരിക്കുന്നത്. മക്കയുടെ വിജനതയിൽ മാതാവ് ഹാജറക്കൊപ്പം കഴിയേണ്ടിവന്ന കുരുന്നിളം പൈതൽ ഇസ്മാഈലിന്റെ കാലടികളിൽനിന്നാണ് സംസം ഉറവെടുത്തത്. ഇബ്റാഹീ കുടുംബത്തിന്റെയും സംസമിന്റെയും കഥയാണ് വർണനാ ശൈലിയിൽ ഉണ്ണിനാണു നായർ അവതരിപ്പിക്കുന്നത്. ഇന്ദ്രവജ്രവും വസന്ത തിലകവുമാണ് വൃത്തങ്ങൾ. ഏഴുഖണ്ഡങ്ങൾ. മലയാള കവിതാ ലോകത്തിലെ മധുരതരമായ ഒരനുഭവമാകാൻ കഴിയുന്നതാണ് ഈ ലഘുകൃതി. സുകുമാർ അഴീക്കോടിന്റെ അവതാരിക. പേജ് 50, വില 40 രൂപ. അദർ ബുക്സ് കോഴിക്കോട്.